ഉത്തരം

(എ) ഉണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് ഫിനാൻഷ്യൽ അനലിസ്റ്റ്സ് ഓഫ് ഇന്ത്യ ഹൈദരാബാദ് റിയാനൻദ് ബാൽവേദ് എഡ്യൂക്കേഷണൽ ഫൗണ്ടേഷൻ, ന്യൂഡൽഹി, മാനേജ്മെന്റ് ഡെവലപ്പ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, ഭോപ്പാൽ എന്നിവരാണ് ഇക്കാര്യത്തിൽ സർക്കാരിനെ സമീപിച്ചത്.

(ബി) കൊച്ചിയിലെ കേരള ബാർ കൗൺസിൽ ട്രസ്റ്റിന് കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിനെ ചില നിബന്ധനകൾക്ക് വിധേയമായി സർവ്വകലാശാല പദവി നൽകുവാൻ ഉദ്ദേശിക്കുന്നു. ഇത് സംബന്ധിച്ച ഒരു പ്രോജക്ട് തയ്യാറാക്കി വരികയാണ്. മറ്റ് സ്വാശ്രയ സർവ്വകലാശാലകൾ സ്ഥാപിക്കുവാൻ അനുമതി നൽകാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

എം. എഡ്. കോഴ്സ് ആരംഭിക്കാൻ നടപടി

144 [743] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. എഡ്. കോഴ്സ് ആരംഭിക്കുന്നതിന് ഈ വർഷം എത്ര അപേക്ഷകളാണ് ലഭിച്ചിരുന്നത്; ഇവയിൽ ഗവൺമെന്റ് കോളേജുകളുടെ എണ്ണം എത്ര;

(ബി) എത്ര കോളേജുകൾക്ക് എം. എഡ്. കോഴ്സ് തുടങ്ങുന്നതിന് അനുമതി നൽകി; ഇവയിൽ ഗവൺമെന്റ് കോളേജുകൾ എത്ര?

ഉത്തരം

(എ) എം. എഡ്. കോഴ്സ് ആരംഭിക്കുന്നതിന് എൻ. ഒ. സി.-ക്കായി എയ്ഡഡ്/അൺ എയ്ഡഡ് കോളേജുകളിൽ നിന്നും 25-8-2004-ന് മുമ്പ് 17 അപേക്ഷകളും അതിനുശേഷം 6 അപേക്ഷകളും ലഭിച്ചിരിക്കുന്നു. കോഴിക്കോട് ഗവൺമെന്റ് ട്രെയിനിംഗ് കോളേജിൽ എം. എഡ്. കോഴ്സ് അനുവദിക്കണമെന്ന നിവേദനവും ലഭിച്ചിരിക്കുന്നു.

(ബി) 17 എയ്ഡഡ്/അൺ എയ്ഡഡ് ട്രെയിനിംഗ് കോളേജുകളിൽ എം. എഡ്. കോഴ്സ് ആരംഭിക്കുന്നതിന് എൻ. ഒ. സി. നൽകിയിട്ടുണ്ട്. ഗവൺമെന്റ് കോളേജുകൾക്ക് എം. എഡ്. കോഴ്സ് തുടങ്ങാൻ ഈ വർഷം അനുമതി നൽകിയിട്ടില്ല.

മഞ്ചേശ്വരം ഗോവിന്ദപൈ ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ

145 [744] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം ഗോവിന്ദപൈ ഗവൺമെന്റ് കോളേജിൽ ഇക്കൊല്ലം ഏതെല്ലാം പുതിയ കോഴ്സുകൾ അനുവദിച്ചു;

(ബി) അനുവദിച്ചില്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) ഗവൺമെന്റ് അനുവദിച്ച കോഴ്സ് എന്തുകൊണ്ട് ആരംഭിച്ചില്ല എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മഞ്ചേശ്വരം ഗോവിന്ദപൈ ഗവൺമെന്റ് കോളേജിൽ എം. കോം. കോഴ്സ് അനുവദിച്ചിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) കോഴ്സ് ആരംഭിച്ചിട്ടുണ്ട്.

കാസർഗോഡ് ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സ്

146 [745] ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഗവൺമെന്റ് കോളേജിൽ പുതുതായി ഏത് കോഴ്സാണ് ആരംഭിച്ചത്;

(ബി) സർക്കാർ നിർദ്ദേശിച്ച കോഴ്സ് അനുവദിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) യൂണിവേഴ്സിറ്റി ഏത് കോഴ്സാണ് ശുപാർശ ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ഗവൺമെന്റ് കോളേജിൽ ബി. എസ്.സി. കമ്പ്യൂട്ടർ സയൻസ് കോഴ്സാണ് സർക്കാർ പുതുതായി അനുവദിച്ചത്.

(ബിയും സിയും) സർക്കാർ അനുവദിച്ച കോഴ്സ് ആരംഭിച്ചിട്ടുണ്ട്.

(ഡി) ബി. എസ്. സി. കമ്പ്യൂട്ടർ സയൻസ്, എം. എസ്. സി. സ്റ്റാറ്റിസ്റ്റിക്സ് എന്നീ കോഴ്സുകളാണ് കണ്ണൂർ സർവ്വകലാശാല ശുപാർശ ചെയ്തിരുന്നത്.

പുതിയ കോഴ്സുകൾ

147 [746] ശ്രീ. എ. എ. അസീസ്:

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ കോഴ്സുകൾ തുടങ്ങാൻ ഏതെല്ലാം കോളേജുകൾക്കാണ് അനുമതി നൽകിയത്?

ഉത്തരം

കേരള, എം. ജി. യൂണിവേഴ്സിറ്റികൾ അനുവദിച്ച കോഴ്സുകളുടെ വിവരം അനുബന്ധമായി† കൊടുത്തിരിക്കുന്നു. മറ്റു യൂണിവേഴ്സിറ്റികളിൽ നിന്നുള്ള വിവരം ശേഖരിച്ചുനൽകുന്നതാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly